**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 09.04.2013-ൽ |
| ചോദ്യം നമ്പർ - 3467 | മറുപടിയ്ക്ക് |

ടൂറിസ്റ്റ് ഹൈവേ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ടൂറിസ്റ് ഹൈവേ ആരംഭിക്കുന്നതിനായുള്ള പദ്ധതി പരിഗണനയിലുണ്ടോ; | (എ) കോട്ടയത്ത് നിന്ന് ചേർത്തലയ്ക്ക് ഒരു ടൂറിസ്റ്റ് ഹൈവേ ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) എറണാകുളം ചേർത്തല ഭാഗങ്ങളിൽ നിന്നും കുട്ടനാട്, കുമരകം, കോട്ടയം, ഇടുക്കി, മൂന്നാർ തുടങ്ങിയ വിനോദ സഞ്ചാര സ്ഥലങ്ങളിലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക, ടൂറിസ്റ്റ് ഹൈവേ കടന്ന് പോകുന്ന കുട്ടനാടിന്റെ വികസനം ത്വരിതപ്പെടുത്തുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) പ്രസ്തുത പദ്ധതിക്കായുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്നറിയിക്കുമോ; | (സി) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി എൽ & ടി റാംബോൾ എന്ന കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതിറിപ്പോർട്ടിൽ പരിസ്ഥിതി ആഘാതപഠനവും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) പ്രസ്തുത പദ്ധതി റിപ്പോർട്ടിൽ വിശദമായ പരിസ്ഥിതി ആഘാത പഠനവും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ